# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 3156 | 20/06/2014-ൽ മറുപടിയ്ക്ക്

## അങ്കമാലി നിയോജകമണ്ഡലത്തിലെ വെള്ളപ്പാറയിൽ ഒരു ചെക്ക് പോസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | **ശ്രീ. കെ. പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള വനഭൂമിയിൽ ഏഴാറ്റുമുഖത്തും വെറ്റിലപ്പാറയിലും പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള ചെക്ക് പോസ്റ്റുകൾ പോലെ ജനങ്ങളുടെ യാത്രക്ലേശം പരിഹരിക്കുന്നതിനായി വെള്ളപ്പാറയിൽ ഒരു ചെക്ക് പോസ്റ്റ് സ്ഥാപിച്ച് വെള്ളപ്പാറ റോഡ് ജനങ്ങളുടെ യാത്രാവശ്യത്തിനുമാത്രമായി തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം? | പ്ലാന്റേഷൻ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാലടി പ്ലാന്റേഷൻ, വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത ഭൂമിയായതിനാൽ മെയിൻ റോഡായ ചാലക്കുടി - കാലടി പ്ലാന്റേഷൻ റോഡിൽ, പ്ലാന്റേഷന്റെ പ്രവേശനകവാടത്തിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ച് വാഹനങ്ങളുടെ യാത്ര, പരിശോധനയ്ക്ക് വിധേയമായി അനുവദിച്ചു വരുന്നുണ്ട്. എന്നാൽ റിസർവ്വ് വനഭൂമിയോട് ചേർന്ന് ഒറ്റപ്പെട്ട് വെള്ളപ്പാറയോട് ചേർന്ന് കിടക്കുന്ന കോർപ്പറേഷന്റെ റബ്ബർ പ്ലാന്റേഷൻ വഴി യാത്രാ റോഡ് ഒന്നും തന്നെ ഇല്ല. കോർപ്പറേഷന്റെ സുരക്ഷിതമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ, വെള്ളപ്പാറയിൽ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനോ നിലവിലുള്ള റബ്ബർ പ്ലാന്റേഷൻ വിഭജിച്ച് പുതിയ റോഡ് ഉണ്ടാക്കുന്നതിനോ കോർപ്പറേഷൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ